For Private Circulation Only

June 2018

ആഗമനാരുണൻ

Vol.65 | “ ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ” (എഫെ. 5:1) | No.6

വേദപുസ്തകം എന്ന അത്ഭുത പുസ്തകം

By Dyson Hague

വേദപുസ്തകത്തെ സംബന്ധിച് നാം പഠിക്കുമ്പോൾ അതിന്റെ കെട്ടിലും മട്ടിലും സ്വാധീനത്തിലും ഇതുപോലെ മനുഷ്യ പുത്രന്മാരെക്കാൾ ദൈവപുത്രൻ ഉന്നതനായിരിക്കുന്നതുപോലെ മറ്റെല്ലാ പുസ്തകങ്ങളെക്കാൾ, പ്രതാപത്തിലും മഹത്വത്തിലും ഉന്നത നിലവാരം പുലർത്തുന്ന ഏക പുസ്തകമാണ് വിശുദ്ധ വേദ പുസ്തകം.

പുസ്തകരൂപീകരണത്തിലെ അത്ഭുതം

വേദപുസ്തകത്തിന്റെ ആസ്തിക്യം ഒരു അത്ഭുതമാണ്. ദൈവവചനത്തിന്റെ രൂപീകരണത്തിന്റെ ചരിത്രം നാം പരിശോധിക്കുമ്പോൾ രൂപീകരണത്തിന്റെ മാർമ്മികമായ ആരീതി അത്ഭുതാവഹമാണ്. അന്നും ഇന്നും ഈ പുസ്തകം ഒരു അത്ഭുതമാണ്. വേദപുസ്തകം എഴുതുന്നതു സംബന്ധിച്ച ഒരു പദ്ധതിയും ആസൂത്രണെ ചെയ്യുവാൻ ഒരു മനുഷ്യനെയും ദൈവം അധികാരപ്പെടുത്തിയിട്ടില്ല.

വേദപുസ്തകത്തിന്റെ എഴുത്തും അതിന്റെ രൂപീകരണത്തിന്റെ മർമ്മവും അത്ഭുതകരമാണ്. വളരെ അല്പാല്പമായി, ഭാഗം ഭാഗമായി, നൂറ്റാണ്ടുകളിലൂടെ, പരസ്പരം ബന്ധമില്ലാത്ത ഭാഗങ്ങളായി വ്യത്യസ്തരായ ആൾക്കാരാൽ വ്യത്യസ്ത സ്ഥലങ്ങളിൽ എഴുതി സൂക്ഷിക്കപ്പെട്ടതാണ്. ഒരുവൻ ഒരു ഭാഗം അരേബ്യയിൽ വെച്ചെഴുതി, മറ്റൊരാൾ മറ്റൊരുഭാഗം സിറിയയിൽ വച്ച് എഴുതി; അടുത്തൊരാൾ പാലസ്തീനിൽ എഴുതി, മറ്റു ചിലർ ഗ്രീസിലും ഇറ്റലിയിലും വച്ച് എഴുതി ചില എഴുത്തുകാർ അതിനു നൂറ്റാണ്ടുകൾക്കു ശേഷമോ അതിനുമുമ്പോ എഴുതി, പരസ്പരം ബന്ധിമില്ലാത്ത അറിഞ്ഞിട്ടില്ലാത്ത കണ്ടിട്ടില്ലാത്ത ആളുകൾ വിവധകാലഘട്ടങ്ങളിൽ എഴുതി.

മറ്റേതൊരു പുസ്തകത്തിന്റെ രൂപീകരണത്തെക്കുറിച്ച് പഠിക്കുമ്പോഴും നന്നായി അതിന്റെ ഉത്ഭവവും പൂർത്തീകരണവും നന്നായി മനസിലാക്കാൻ കഴിയും. പത്തിൽ ഒൻപതു പേരും ഒരു പുസ്തകം എഴുതുവാൻ തീരുമാനിച്ചെഴുതുമ്പോൾ, ഒന്നാമനായി അതിനെക്കുറിച്ച് ചിന്തിക്കുന്നു, ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നു,എഴുതി സമർപ്പിക്കുന്നു, പകർത്തിയെഴുതുകയോ അച്ചടിക്കുകയോ ചെയ്യുന്നു. അഞ്ചോ ആറോ മാസങ്ങൾ കൊണ്ടോ വർഷങ്ങൾ കൊണ്ടോ അതിനെ പൂർത്തീകരിക്കുന്നു. നാം പരിശോധിച്ചാൽ മിക്കപുസ്തകവും ഒന്നോ പത്തോ വർഷങ്ങൾക്കുള്ളിൽ എഴുതി, പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ ഒരു വ്യക്തി അദ്ദേഹത്തിന്റെ ആയുസ്സിൽ എഴുതി പൂർത്തീകരിച്ചിട്ടുള്ളതാണ്. അറുപതു തലമുറകളിലായി കുറഞ്ഞത് ആയിരത്തി അഞ്ഞൂറ് വർഷങ്ങൾ കൊണ്ട് പൂർത്തീകരിച്ച പുസ്തകവുമുണ്ട്. അത് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിന്താഗതിയെ വലുതാക്കുന്നു. നമ്മെ കാത്തിരിക്കുന്ന ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെയും മഹാദയയുടെയും വസ്തുതകൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. ദൈവത്താൽ ഉപയോഗിക്കപ്പെട്ട മനുഷ്യരാൽ ശാന്തമായും സാവധാനത്തിലും വേദപുസ്തകം രൂപപ്പെട്ടുകൊണ്ടേയിരുന്നു. ഇവിടെ അല്പവും അവിടെ അല്പവും എന്ന നിലയിൽ രൂപപ്പെട്ടു; ഇവിടെ അല്പം ചരിത്രം അവിടെ അല്പം പ്രവചനം. ഇവിടെ ഒരു പദ്യം അവിടെ അല്പം ജീവചരിത്രം; ഒടുവിൽ സമയത്തിന്റെ ഇടപെടലും; അങ്ങനെ ദൈവഭവനത്തിന്റെ വചനങ്ങളെ ആവശ്യത്തിലിരിക്കുന്ന തലമുറകൾക്കുവേണ്ടി അത്ഭുതകരമായി പൂർത്തീകരിക്കപ്പെട്ടു.

മോശെ മരിക്കുമ്പോൾ വേദപുസ്തകത്തിന്റെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ മാത്രമാണ് ദൈവവചനത്തിന്റെ വരമൊഴിയായി ഉണ്ടായിരുന്നത്. ദാവീദ് സിംഹാസനത്തിൽ ഇരിക്കുമ്പോൾ ചില ചർമ്മലിഖിതങ്ങൾ കൂടെ യുണ്ടായിരുന്നു. ഒന്നിനു പുറകെ ഒന്നായി രാജാക്കന്മാർ, പുരോഹിതന്മാർ പ്രവാചകന്മാർ തുടങ്ങിയവർ വേദപുസ്തക രൂപീകരണത്തോടുള്ള ബന്ധത്തിലുള്ള തങ്ങളുടെ ദൗത്യങ്ങളും പൂർത്തിയാക്കി. ദൈവത്തിന്റെ പദ്ധതി പ്രകാരം സമയ ബന്ധിതമായി പഴയ നിയമ എഴുത്തുകൾ പൂർത്തിയാക്കപ്പെട്ടു.

എന്നിട്ട് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ മനുഷ്യന്റെ കൂട്ടായ്മയോ പദ്ധതിയോ കൂടാതെ ഭാഗം ഭാഗമായി ഇവിടെ കുറച്ച് ജീവചരിത്രം, അവിടെ കുറച്ച് എഴുത്തുകൾ എന്ന നിലയിൽ പുതിയനിയമത്തിന്റെ രൂപീകരണം തുടർന്നു.

അതെ! വേദപുസ്തകം ഒരു അത്ഭുത പുസ്തകമത്രേ; മറ്റുള്ള സകല പുസ്തകങ്ങളെയും പുറകിലാക്കിക്കൊണ്ട് ഇതിന്റെ എഴുത്തിലും രൂപീകരണത്തിലും ഒരു അത്ഭുതമായിരിക്കുന്നു. ദൈവമാണ് ഇതിന്റെ യഥാർത്ഥ എഴുത്തുകാരൻ.

പുസ്തകങ്ങളുടെ ഐക്യതയെ സംബന്ധിച്ച അത്ഭുതം.

അടുത്തതായി, വേദപുസ്തകത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ, വ്യത്യസ്ത സാഹചര്യങ്ങളിലുള്ള നാല്പതോളം വ്യത്യസ്ത ശീർഷകങ്ങളിൽ എഴുതി സമാഹരിക്കപ്പെട്ട അറുപത്താറു വാല്യങ്ങളുള്ള ഒരു ലൈബ്രറിയാണ് വിശുദ്ധവേദപുസ്തകം.

ഒരു എഴുത്തുകാരൻ ചരിത്രം എഴുതി മറ്റൊരാൾ പദ്യം എഴുതി,. മറ്റൊരാൾ

(t i j w 6þmwt] PnÂ)

ദൈവം അയയ്ക്കുന്ന ഉണർവ്വിനായുള്ള ഒരുക്കം

By Al Whitting Hill

ഈ കാലഘട്ടത്തിന്റെ ആപത്തിനെ മനസിലാക്കുന്ന, വിശ്വസ്തമായി ഇന്നത്തെ സഭയുടെ ആത്മീയ നിലവാരത്തെക്കുറിച്ച് ബോധമുള്ള ഒരു വിശ്വസ്ത ദൈവഭക്തന് തള്ളിക്കളയാൻ കഴിയാത്ത ഒരു ആവശ്യബോധമാണ് ദൈവം തന്റെ ജനത്തിനു വേണ്ടി അയയ്ക്കുന്ന ഉണർവ്വ്. സഭ ഇന്ന് ആയിരിക്കുന്ന നിലയിൽ വെല്ലുവിളിക്ക് മറുപടി കൊടുക്കുവാനും ഇന്നത്തെ തലമുറയുടെ പരമമായ ആവശ്യമായ ദൈവവചനം അവർക്കു പകർന്നു കൊടുക്കുവാനും സുവിശേഷത്തിന്റെ പ്രഘോഷണം അത്യാവശ്യമത്രേ. പുനരുദ്ധാനത്തിന്റെയും ഉണർവ്വിന്റെയും ആഴമായ സ്പർശനമാണ് സഭ ഒന്നാമതായി പ്രാപിക്കേണ്ടത്.

ലോകവ്യാപകമായി സഭയുടെ ചരിത്രത്തിൽ എത്ര ശക്തമായ ദൈവപ്രവർത്തികളാണ് നടന്നിട്ടുള്ളത്. ദൈവത്തിന്റെ ജനം ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഒർത്ത് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ബാദ്ധ്യസ്ഥരാണ്. എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെതന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരികയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും. (2ദിന. 7:14).

ഓരോ ദൈവപൈതലും യാഥാർത്ഥ്യമാക്കേണ്ടതും മനസ്സിലാക്കേണ്ടതുമായ കാര്യം ഓരോ വിശ്വാസിയും ആഴമായ സമ്പന്നമായി, ശുദ്ധമായ നിത്യമായ ഒരു കൂട്ടായ്മയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. തന്റെ പുത്രനിൽ നമുക്കു നൽകിയിരിക്കുന്ന മഹത്വകരമായ ജീവിതം മറ്റുള്ളവരുമായി പങ്കു വയ്ക്കേണ്ടതാണ്. എന്നാൽ ഓരോ വിശ്വാസിയും മനസിലാക്കേണ്ടത്, ഏതോ കാരണത്താൽ നമ്മുടെ താല്ക്കാലിക കാര്യങ്ങളിലും സ്വാർത്ഥതകളിലും മുഴുകി ലക്ഷ്യത്തിൽ നിന്നും വിട്ടുപോകുന്നു. ഈ അനുഭവത്തെ വേദപുസ്തകം പാപം എന്ന് വിളിക്കുന്നു. എല്ലാവശത്തും പ്രതികൂലം ഉണ്ടെങ്കിലും തോറ്റുപോകാത്ത യേശുവിൽ ആശ്രയിച്ച് അവിടുത്തെ നിത്യസന്തോഷത്തിൽ സന്തോഷിച്ച് അവിടുത്തെ വെളിപ്പെടുത്തപ്പെട്ട ദൈവസാന്നിദ്ധ്യത്തിന്റെ മറവിൽ മറഞ്ഞു കൊള്ളേണ്ടതാണ്.

നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവം, തന്റെ ജനം തന്നെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യണം എന്ന് ദൈവം ആഗ്രഹിക്കുന്നു. പാപത്തെ സംബന്ധിച്ച് പഠിക്കുമ്പോൾ എപ്പോഴൊക്കെ തങ്ങളെതന്നെ വിധിക്കാതെയോ പാപത്തെക്കുറിച്ച് അനുതാപമില്ലാതെയോ ഇരിക്കുമ്പോൾ അല്ലെങ്കിൽ വിഗ്രഹാരാധനയിലേക്ക് ജനം വഴുതി വീഴുമ്പോൾ ദൈവസാന്നിദ്ധ്യം അവരെ വിട്ടുപോകുന്നു. ദൈവം തന്റെ കരുണയിൽ തന്റെ ജനത്തോട് സംസാരിക്കുന്നു. അടിമത്വവും ഭാരവും വിവരിക്കാനാവാത്ത ഏകാന്തതയും നാം അനുഭവിക്കുമ്പോൾ അതു നമ്മെ ജീവിതത്തിന്റെ വിവിധ തകർച്ചകളിലേയ്ക്ക് നയിക്കുന്നു. അതു

(tijw 5pmwt]PnÂ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. "യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്റരികേ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല. അതിന്റെ ഇല പച്ചയായിരിക്കും. വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചു sIm-nen¡pw *" (യിരെ. 17:7)*

2018-ാം വർഷത്തിന്റെ മെയ് മാസം നമ്മെ വിട്ട് കടന്നുപോയി. ജൂൺ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പലതിനെയും പലരേയും സ്നേഹിക്കുകയും നാമ്മെ പലരും സ്നേഹിക്കുകയും ചെയ്യും. എന്നാൽ ഈ സ്നേഹത്തിന് മുൻഗണന കൊടുക്കേണ്ട ചില വ്യക്തികളുണ്ട്. ഉദാഹരണത്തിന് ഒരാൾക്ക് തന്റെ പൈതലിനേക്കാൾ അടുത്ത വീട്ടിലെ കുഞ്ഞിനോടോ ബന്ധുവിന്റെ കുഞ്ഞിനോടോ കൂടുതൽ സ്നേഹം തോന്നുന്നുവെങ്കിൽ ഇത് സ്വയം നിയന്ത്രിച്ച് മുൻഗണന തന്റെ പൈതലിലേക്കു തിരിച്ചു വിടേണ്ടതാണ്. വേദപുസ്തകം പറയുന്നത് ഒരു മനുഷ്യൻ സകലത്തേക്കാളും സകലത്തേക്കാളും ദൈവത്തെ സ്നേഹിക്കേണ്ടതാണ്.

യേശു പറഞ്ഞു. ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ (മത്താ. 16:24). ഈ കാലഘട്ടത്തിൽ ദൈവകൃപ ആയുധമാക്കി നിത്യജീവങ്കലേക്ക് ദൈവ സഭ വിശുദ്ധിയോടെ യാത്ര ചെയ്യട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No.*** *67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926

കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ദൈവവചനം ധ്യാനിക്കുക

By Derek Prince

ദൈവചനത്തെക്കുറിച്ചു ദൈവം അതേ വേദഭാഗത്തിൽ തുടർന്ന് സംസാരിക്കുന്നു. "..... എന്റെ വായിൽ നിന്നും പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും അത് വെറുതെ എന്റെ അടുക്കലേയ്ക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55:8-11).

ശ്രദ്ധിക്കുക, ദൈവം ചിന്തകളാൽ ആരംഭിക്കുന്നു, അതു അവിടുന്നു പറയുന്നു, പ്രകൃതിയാൽ നമ്മുടെ ചിന്തകൾ ദൈവത്തിന്റെ ചിന്തകൾ അല്ല. അപ്പോൾ പിന്നെ എങ്ങനെ നമുക്ക് ദൈവത്തിന്റെ ചിന്തകളിൽ ആരംഭിപ്പാൻ കഴിയും? ദൈവം തന്റെ വചനത്തിൽ അതിനുള്ള മറുപടി നൽകുന്നു. ദൈവത്തിന്റെ വഴികളും നമ്മുടെ ചിന്തകളും സ്വർഗ്ഗീയമായ തലത്തിലാണ്, നമ്മുടെ വഴികളും നമമുടെ ചിന്തകളും ഭൗതികതലത്തിലാണ്. അത് ദൈവത്തിന്റേതിൽ നിന്നും വളരെ താഴെയാണ്. എന്നാൽ ദൈവത്തിന്റെ വചനം, ദൈവത്തിന്റെ വഴിയെ ചിന്തകളെയും സ്വർഗ്ഗത്തിൽ നിന്നും നമ്മുടെ ജീവിതത്തിലും ഹൃദയത്തിലും എത്തിക്കുന്നു, നമുക്ക് ആവശ്യമുള്ള ഫലം ഉളവാക്കുന്നു.

" എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യോഹവ അരുളിചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു. മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേയ്ക്ക് മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നൽകതക്കവണ്ണം ഭൂമിയെ നനെച്ച് ഫലവത്താക്കി വിളിയിക്കുന്നതുപോലെ എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55:8-11).

ഇതാണ് ദൈവവചനം ചെയ്യുന്നത്, സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി, ഹൃദയങ്ങളിൽ പ്രവേശിച്ച്, നമ്മിൽ വസിച്ച് നമ്മുടെ വഴികളെയും ചിന്തകളേയും വ്യത്യാസപ്പെടുത്തി, ദൈവത്തിന്റെ വഴികളിലും ചിന്തകളിലും നമ്മെ ഉറപ്പിക്കുന്നു നമ്മുടെ മനസ് ദൈവചനത്താൽ നിറയുമ്പോൾ, നാം ദൈവത്തിന്റെ വഴികളെക്കുറിച്ച് ചിന്തിക്കുവാനാഗ്രഹിക്കുന്നു. നമ്മുടെ ചിന്താജീവിതം മുഴുവനായി വ്യത്യാസപ്പെടുന്നു.

അതിന്റെ ഫലമായുണ്ടാകുന്ന കാര്യങ്ങളത്രേ തുടർന്നു പ്രസ്താവിക്കുന്നത്. സമാധാനം - സമാധാനത്തോടെ നിങ്ങളെ പറഞ്ഞയയ്ക്കും; സന്തോഷം നിങ്ങൾ സന്തോഷത്തോടെ പുറപ്പെടും; സ്തുതി- പ്രകൃതിയിലുള്ള വസ്തുക്കൾ പോലും ദൈവത്തെ സ്തുതിക്കും. ദേശത്തിലെ സകല വൃക്ഷങ്ങളും കൈകൊട്ടും; ഫലവത്തായ സമൃദ്ധി മുള്ളിനുപകരം സരളവൃക്ഷവും പറക്കാരയ്ക്കു പകരം കൊഴുന്തും മുളയ്ക്കും.

അതാണ് ജീവിതത്തിൽ സംഭവിക്കുന്നത്. ദൈവവചനം അകത്തു വരുമ്പോൾ നാം അതിനെ സ്വീകരിക്കുകയും അതിനെ ധ്യാനിപ്പാൻ ആരംഭിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വന്തം വഴികളും നമ്മുടെ സ്വന്തം ചിന്തകളും മുള്ളും പറക്കാരയും പോലെ ഇരിക്കും. അത് ഫലമില്ലാത്തതും സഹായമീല്ലാത്തതും ആയിരിക്കും. ദൈവവചനത്തിന് അത് വഴി മാറുമ്പോൾ മുള്ളിനു പറക്കാരയ്ക്കും പകരം സരളവൃക്ഷവും കൊഴുന്തും മുളയ്ക്കും.

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരി¡ p¶ p (1‡b m‡ . 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

വലിയ ഉണർവ്വിന്റെ ചെറിയ ആരംഭങ്ങൾ

By Sarah Foulkes Moore

ഉണർവ്വിന്റെ ചെറിയ ആരംഭങ്ങളെ നമുക്ക് തുച്ഛീകരിപ്പാൻ പാടില്ല. സഭാ ചരിത്രത്തെ സംബന്ധിച്ച ഒരു സർവ്വേ വംളിപ്പെടുത്തുന്ന ലോകത്തിലെ ഏതു ഉണർവ്വുകളുടെയും പിന്നിൽ ഒരു ചെറിയ ആരംഭമാണുള്ളത്. ഉണർവ്വിന്റെ ആരംഭത്തെയും വളർച്ചയെയും സംബന്ധിച്ച പനത്തിൽ കാണുന്നത്, ആഴമായ ഉൾപ്രേരണ ചില വ്യക്തികളിലുണ്ടായിട്ട് ആരംഭിച്ച പ്രാർത്ഥനകൾ ഉണർവ്വുകളായി സഭകളിലും ലോകത്തിലും കത്തിപടരുകയാണുണ്ടായത്. അവർ ആത്മാവിന്റെ പ്രവൃത്തിക്ക് വിധേയപ്പെട്ട് തങ്ങളെത്തന്നെ ഏല്പിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ അരുവികളായി, ഉണർവ്വിന്റെ അഗ്നി കത്തി ജ്വലിച്ച് സഭ വിശുദ്ധീകരിക്കപ്പെടുകയും പാപികൾ മാനസാന്തരപ്പെടുകയുമാണുണ്ടായത്. ചിരത്രത്തിൽ സഭയിലുണ്ടായ ആദ്യ ഉണർവ്വ് പത്തു ദിവസത്തെ പ്രാർത്ഥനയോടനുബന്ധിച്ചാണുണ്ടായത്. അതു യെരുശലേമിലെ മാളിക മുറിയിൽ കൂടിയ ഒരു ചെറിയ കൂട്ടത്തിലായിരുന്നു. എന്നാൽ അതു ഹൃദയങ്ങളുടെ ശക്തമായ ഒരു കൂട്ടായ്മയായിരുന്നു, അവരുടെ മനസ് ഒന്നായിരുന്നു, വിശ്വാസത്തോടെ പ്രാർത്ഥിച്ചു.

അന്നു മുതൽ തുടങ്ങിയ എല്ലാ ഉണർവ്വുകളുടെയും പിന്നിൽ ചെറിയ കൂട്ടം ദൈവകമക്കളുടെ തീഷ്ണമായ പ്രാർത്ഥനയാണ് എന്ന് കാണുവാൻ കഴിയും. പതിനാറാം നൂറ്റാണ്ടിലെ വലിയ മത നവീകരണത്തിന്റെയും പിന്നിൽ ലൂഥർ, ഹസ് തുടങ്ങിയ ദൈവഭക്തന്മാരുടെ കണ്ണു നീരും പ്രാർത്ഥനയുമായിരുന്നു എന്ന് കാണാം. ഇംഗ്ലണ്ടിന്റെ സ്വാധീനങ്ങളിൽ നിന്നും വിടുതൽ പ്രാപിപ്പാനുള്ള രക്ത രൂക്ഷിതമായ ഫ്രഞ്ച് വിപ്ലവത്തിന്റെ കാലത്ത് ഉണ്ടായ പരിശുദ്ധാത്മാവിന്റെ മഹത്വകരമായ പ്രവൃത്തിയ്ക്കും ഉണർവ്വിനും പിന്നിൽ വെസ്ലി, വൈറ്റ് ഫീൽഡ്, ബ്രാംവെൽ തുടങ്ങിയ ദൈവദാസന്മാരുടെ ശക്തമായ പ്രാർത്ഥനയും പ്രവൃത്തിയുമാണുണ്ടായിരുന്നത്.

ജോൺ നോക്സ് എന്ന ദൈവഭക്തൻ സ്കോട്ട് ലണ്ടിനെക്കുറിച്ച് ആത്മ ഭാരമുണ്ടായിട്ട് ഉറച്ച നിലവിളിയോടുകൂടെ ദൈവത്തോട് പ്രാർത്ഥിച്ചത് സ്കോട്ട്ലണ്ടിനെ എനിക്ക് തരണമേ, അല്ലെങ്കിൽ ഞ്ൻ മരിക്കട്ടെ എന്നാണ്. ഡി.എൽ.മൂഡ്ഡി എന്ന ദൈവഭക്തൻ അമേരിക്കൻ പട്ടണങ്ങളുടെ നാശകരമായ ദുഷ്ടതകളെയും അധാർമ്മികതയേയും പാപങ്ങളെയും കണ്ടിട്ട് ദൈവത്തോട് പ്രാർത്ഥിച്ചത് ദൈവമേ, ഒരിക്കൽ കൂടെ അമേരിക്കയെ ഉണർത്തണമേ എന്നാണ്. ഈ കാലഘട്ടത്തിൽ ക്രൈസ്തവ മണ്ഡലങ്ങളിൽ ആവശ്യമായിരിക്കുന്നത്, ദർശനത്തോടെ പ്രാർത്ഥിക്കുന്ന ഇപ്രകാരമുള്ള വിശ്വാസ വീരന്മാരെയാണ്.

ഉണർവ്വ് എന്നത് ഒരു കഴിഞ്ഞകാല സംഭവം മാത്രമാണ.

പരിശുദ്ധാത്മാവ് ഉണർവ്വ് പകരാൻ വേണ്ടി, മുട്ടിന്മേൽ നിന്ന് കരയുന്ന വിശ്വാസവീരന്മാരെ കാത്തിരിക്കുന്നു. ദൈവവചനം നാം വായിക്കുമ്പോൾ ശ്രദ്ധേയമായ പദങ്ങളാണ് എത്ര അധികം. " അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും " (ലൂക്കൊ. 11:13).

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അയർലണ്ടിൽ ഒരു വലിയ ഉണർവ്വ് പൊട്ടിപുറപ്പെട്ടു. അതിന്റെ പിന്നിൽ നാല് വിശ്വാസവീരന്മാരായിരുന്നു. യുവാക്കന്മാരായ ആ ദൈവഭക്തന്മാർ കെൽസ് എന്ന സ്ഥലത്തുള്ള ഒരു സ്കൂൾ കെട്ടിടത്തിൽ ഒരുമിച്ചുകൂടി അയർലണ്ടിന്റെ രക്ഷയ്ക്കായി പോരാടി പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന ദുഷ്ടതയിൽ ജീവിച്ച അയർലണ്ടിനെ അനുഗ്രഹിക്കപ്പെട്ട ഒരു വിശുദ്ധദേശമായി രൂപാന്തരപ്പെടുത്തി. ഒരു ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടപ്പോൾ അയർലണ്ട് പൂർണ്ണമായി വ്യത്യാസപ്പെട്ടു. ആളുകൾ കൂട്ടമായി പള്ളികളിൽ വന്നു. സഭാ ഹാളുകൾ നിറഞ്ഞു കവിഞ്ഞു. ആയിരങ്ങൾ ഓരോ സഭായോഗത്തിലും പാപബോധത്തോടെ കരഞ്ഞു മാനസാന്തരപ്പെട്ടും. ലക്ഷക്കണക്കിന് കുറ്റവാളികളെക്കൊണ്ട് നിറഞ്ഞിരുന്ന ജയിലുകൾ പൂട്ടുവാനിടയായി.

ആ ഉണർവ്വ് ഇന്നും ഉണ്ടാകുമോ? ദൈവവചനത്തിലെ വാഗ്ദത്തെ ശ്രദ്ധിക്കുമ്പോൾ ആരൊക്കെ എവിടെയൊക്കെ ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങുമോ അവിടെയെല്ലാം ദൈവം ഉണർവ്വ് അയയ്ക്കും. സഭാ ചരിത്രം അത് തെളിയിച്ചിട്ടുണ്ട്.

1903-ൽ വെയിൽസ് ദൈവഭയമില്ലാത്ത ഒരു ദേശമായിരുന്നു. കുറ്റകൃത്യങ്ങൾ സാർവ്വത്രികം. 1904-ൽ വെയിൽസിൽ ദൈവം അയച്ച ഒരു ഉണർവ്വുണ്ടായി. ഇവാൻ റോബർട്ട് ദൈവത്തോട് പ്രാർത്ഥിച്ചു. വിശ്വാസത്തോടെ ഒരു ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കുവാൻ അനേകരെ ഒരുക്കി. ഒരു വലിയ ഉണർവ്വ് വെയിത്സിലാകമാനം കത്തിപ്പടർന്നു..

സഭകൾ പലപ്പോഴും പൊതുവേ ഉണർവ്വിനു വേണ്ടി ആഗ്രഹിച്ചു പ്രാർത്ഥിച്ചതിനെക്കാൾ ചില വ്യക്തികൾക്കാണ് അതിനുള്ള നിയോഗവും കൃപയും കിട്ടിയതും ആ സന്ദർഭം നന്നായി ഉപയോഗിക്കാൻ കഴിഞ്ഞതും. അപ്രകാരമുള്ള സഹോദരീ സഹോദരന്മാരുടെ ജീവിതത്തിൽ നൽകപ്പെട്ട ദർശനവും കാഴ്ചപ്പാടും അവരുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടി. വലിയ ഉണർവ്വുകളായി രൂപാന്തരപ്പെടുകയാണുണ്ടായത്. വിശ്രമം കൂടാതെ അവർ ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കയും ആ ഉണർവ്വ് ആളുകളിലെത്തിക്കാൻ പ്രവർത്തിക്കുകയും ചെയ്തു.

വെയിത്സിൽ വലിയ ഉണർവ്വ് വരുന്നതിന് മുമ്പ് രാജ്യത്തുടനീളം മൂന്നൂറിലധികം പ്രാർത്ഥന കൂട്ടങ്ങൾ രൂപീകൃതമായിക്കഴിഞ്ഞിരുന്നു. വെയിത്സ് മുഴുവനെയും തന്നെ ഒരു പ്രാർത്ഥനാകൂട്ടമായി മാറിക്കഴിഞ്ഞിരുന്നു. അങ്ങനെയെങ്കിൽ നാം പ്രാർത്ഥിക്കാൻ തുടങ്ങിയാൽ ഉണർവ്വുണ്ടാകുക തന്നെ ചെയ്യും.

ആത്മിക അനിശ്ചിതത്വവും ദുഷ്ടതയും ലോകമയത്വവും ഇന്നത്തെ സഭകളെ പരാജയപ്പെടുത്തുകയും ആത്മിക ഉണർവ്വിനെ തടസപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി ദൈവജനം ഒരു മനസ്സോടെ രാജ്യത്തിന്റെ ഉണർവ്വിനുവേണ്ടി പ്രാർത്ഥിപ്പാൻ എഴുന്നേൽക്കുമെങ്കിൽ ദൈവം തന്റെ ശക്തി അയച്ചു ദേശങ്ങളെ ഉദ്ധരിക്കുമല്ലോ.

(2-ാം പേജിന്റെ തുടർച്ച)

ssZhw Abb¡p¶ DWÀÆn\mbpÅ Hcp¡w

നമ്മെ കൂടുതൽ പ്രയാസങ്ങളിലേയ്ക്ക് നയിക്കുമ്പോൾ, ദൈവം സ്നേഹിക്കുന്ന തന്റെ മക്ക ളെ പൂർണ്ണമായി തന്റെ സന്നിധിയിലേക്ക് മടങ്ങിവരുവോളം തുടർച്ചയായി നമ്മെ ശിക്ഷിച്ചു ശുദ്ധീകരിച്ചു കൂട്ടിച്ചേർക്കുന്നു. ന മ്മുടെ പ്രയാസമേറിയ സാഹചര്യങ്ങളിൽ അവിടുന്ന് നമ്മോടു അടുത്തു വരുന്നു. നമ്മുടെ ആരോഗ്യത്തെപ്പോലും അവിടുന്ന് ശ്രദ്ധിക്കുന്നു. നമ്മുടെ ശ്രദ്ധയെ തങ്കലേയ്ക്ക് തിരിച്ച് ശക്തമായി നമ്മോട് ഇടപ്പെടുന്നത് അനുതപിച്ച് തിരിഞ്ഞ് ദൈവത്തെ വിശ്വസിക്കണം. ആ സത്യമത്രേ 2 ദിനവൃത്താന്തം 7:14-ൽ നമ്മെ പ്രബോധിപ്പിക്കുന്ന വ്യവസ്ഥാനപരമായ പ്രബോധനം.

2 ദിനവൃത്താന്തം 6-ാം അദ്ധ്യായത്തിൽ ശലോമോൻ രാജാവ് യിസ്രായേൽ ജനത്തിൻ മുൻപാകെ മുട്ടുകുത്തി ദൈവത്തോട് പ്രാർത്ഥിക്കുന്നു. തന്റെ പ്രാർത്ഥനയിൽ ദൈവത്തോട് അപേക്ഷിക്കുന്ത് ഭാവിയിൽ ജനം ദൈവത്തെ പൂർണ്ണമായി ബഹുമാനിച്ച് ആരാധിക്കുന്നതിൽ നിന്നും അകന്ന് മൂഢത്തരമായ കാര്യങ്ങളെ ജീവിതത്തിൽ അനുവജിച്ച് അവയുടെ സ്വാധീനത്തിലായിപ്പോകുവാൻ ഇടവരാതവണ്ണം അവരെ കരുണയോടെ കാക്കണമേ എന്നണ്. പാപം ചെയ്ത് ജനം ദൈവത്തിൽ നിന്ന് അകന്നു പോകുമ്പോൾ അവരോട് കരുണ കാണിച്ച് ബാല ശിക്ഷ കൊടുത്ത് മടക്കി വരുത്തണമേ എന്ന് പ്രാർത്ഥിക്കുന്നു. രാത്രിയിൽ ദൈവം ശലോമോന് പ്രത്യക്ഷനായി, ശലോമോൻ പ്രാർത്ഥിച്ച് കാര്യങ്ങളെ ദൈവം കേട്ട് അവരുടെ പാപങ്ങളെ ക്ഷമിച്ച് അവരെ ഉദ്ധരിച്ച് ദൈവത്തിന്റെ മാധുര്യമായ കൂട്ടായ്മയിലേക്ക് മടക്കി വരുത്തും എന്നും അരുളിചെയ്തു. ദേശം അനുഭവിക്കുന്ന കഷ്ടതയിൽ നിന്നും വിടുവിച്ച് സൗഖ്യ വരുത്തിക്കൊടുക്കും എന്ന് അരുളിചെയ്തു. അവർ പൂർണ്ണമായി ദൈവത്തിങ്കലേയ്ക്ക് മടങ്ങിവരുമ്പോൾ ദൈവം തന്റെ വാഗ്ദത്തത്തിന്റെ നറവുകൾ അവരിൽ പകരും എന്നും അരുളിചെയ്തു. അങ്ങനെ അനേകം ദൈവമക്കൾ ഈ വാഗ്ദത്തങ്ങളെ അറിഞ്ഞിട്ട് ഈ സത്യത്തെ മനസിലാക്കിയിട്ട് അവയെ ഹൃദയങ്ങളിൽ ഏറ്റെടുത്ത് ഒരു ഉണർവ്വിനായി പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്.

എന്റെ ജനം എന്നത് സഭ എന്നാണ്. അവിടുത്തെ നാമത്തിൽ അറിയപ്പെടുന്നതും ജനം. എന്റെ ജനം ചിലത് ചെയ്യുമ്പോൾ.... ഞാൻ ചിലതു ചെയ്യും. എന്ന് ദൈവം അരുളിച്ചെയ്യുന്നു. ലോകത്തിന് ഒരു വ്യത്യാസം ഉണ്ടാക്കുവാൻ നമുക്ക് കഴിയും എന്ന് നാം ചിന്തിക്കുമ്പോൾ കാര്യങ്ങൾ നന്നാവും. ലോകമല്ലാ സഭയത്രേ ഭാവിയുടെ താക്കോൽ വഹിക്കുന്നത്. ലോകത്തിന് തന്നെത്തന്നെ ഉദ്ധരിക്കുവാൻ സാദ്ധ്യമല്ല,; അതിനെ നന്നാക്കാൻ കഴിയാതവണ്ണം തെറ്റിപ്പോയിരിക്കുന്നു. ദൈവത്തിന്റെ ജനം ദൈവത്തിന്റെ ഇഷ്ടത്തിന് വിധേയരായി ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെപിടിച്ച് ഉണർവ്വിന്റെ കാവലാളുകളായി മാറുമ്പോൾ അവരുടെ ഇഷ്ടം ദൈവത്തിന്റേതായി മാറുന്നു. ഒരിക്കലൽ നമ്മുടെ ഏറ്റവും വലിയ ആവശ്യത്തെക്കുറിച്ച് നാം ബോധവാൻമാരാകുന്നു. എന്നിട്ട് അതിന്റെ പരിഹാരം നമ്മിൽ ഏല്പിച്ചിരിക്കുന്നു എന്നു വിശ്വസിക്കയും സമർപ്പിക്കയും ചെയ്യുന്നു.

നാം ഉണർവ്വിനു വേണ്ടിയുള്ള ദൈവിക വ്യവസ്ഥകളെ നിവർത്തിക്കുമ്പോൾ ദൈവത്തിന്റെ പ്രതികരണത്തെ നമുക്ക് അളക്കാൻ കഴിയും. വാഗ്ദത്തത്തിൽ വിശ്വസ്തനായ നമ്മുടെ വാഴ്ത്തപ്പെട്ട ദൈവം തന്നെ ഉദ്ധരിക്കയും തന്നിലുള്ള അനുഗ്രഹത്തിന്റെ നിറവുകളിലേയ്ക്ക് തന്റെ ജനത്തെ എത്തിക്കയും ചെയ്യുന്നു. അതിന്റെ പരിണിതഫലങ്ങളെ നേരിടുവാൻ നാം ഒരുക്കമായിരിക്കയും ചെയ്യേണ്ടതാണ്. അപ്പോൾ ദൈവം പരിശുദ്ധാത്മാവിനെ സഭയുടെമേൽ അയച്ച് അതിനെ ഉദ്ധരിക്കയും ആത്മീയമായ മനോഹാരിതയും ശക്തിയും അതിന് നൽകുകയും ചെയ്യും. സഭയോടും യുക്തിപരമായും തന്റെ വചനം സംസാരിക്കുമ്പോൾ നാം പ്രതീക്ഷിക്കുന്ന ഉണർവ്വിലെ ദൈവപ്രവൃത്തിയും ഉദ്ധാരണവും ആത്മീയ അനുഗ്രഹങ്ങളും നാം കാണുകയും ചെയ്യും.

1. നാം നമ്മെത്തന്നെ താഴ്ത്തുക.

താഴ്മയെ വിശദമാക്കുന്ന പത്തു പദങ്ങൾ എബ്രായ ഭാഷയിലുണ്ട്. കീഴടക്കുക, ജയിച്ചടക്കുക, താഴ്ത്തുക എന്നൊക്കെയാണിതിന്റെ അർത്ഥം. മുട്ടുമടക്കുക എന്ന് അർത്ഥം വരുന്ന ഒരു മൂല പദത്തിൽ നിന്നാണ് ഈ വാക്ക് വന്നിരിക്കുന്നത്. ഇത് അർത്ഥമാക്കുന്നത്. പൂർണ്ണമായും സ്വന്ത മനസായും ദൈവത്തിന് വിധേയപ്പെടുക എന്നാണ്. യേശുവിന്റെ ക്രൂശിനെ ഇത് ചൂണ്ടികാണിക്കുന്നു.... നുറുക്കപ്പെടുന്ന അനുഭവം. നമ്മുടെ അഹങ്കാരത്തെ വിട്ട് തിരിയണം. യഥാർത്ഥമായി നാം ദൈവത്തോടടുക്കുമ്പോൾ നമ്മുടെ മുഴുജീവിതത്തിലും പരിശുദ്ധാത്മാവിനെ പ്രവർ ത്തിപ്പാൻ നാം അനുവദിക്കുമ്പോൾ നമ്മുടെ അഹങ്കാരത്തേയും സ്വാർത്ഥതയേയും പരിശുദ്ധാത്മാവ് വെളിപ്പെടുത്തും. നമ്മുടെ അഹങ്കാരം വലിയ തടസ്സമുളവാക്കുന്നതാണ്. ചോദ്യം ഉദിക്കുന്നത്, ആരാണ് നമ്മുടെ ദൈവമായിരിക്കുന്നത്? നാമാണോ, നമ്മുടെ രക്ഷകനാണോ?

ദൈവം നമ്മുടെ ദൈവമായിരിപ്പാൻ നാം ആഗ്രഹിക്കുന്നുവോ? പൂർണ്ണസമർപ്പണത്തോടുകൂടെ മുട്ടുകളെ അവിടുത്തെ മുമ്പാകെ മടക്കുക. ഞാൻ എന്ന ഭാവത്തെ കീഴടക്കി, ജയിച്ചടക്കി, താഴ്മയുള്ളവരായിരിപ്പാൻ തെരഞ്ഞെടുക്കുക. നമ്മുടെ മനോഗതവും അഹങ്കാരവും ക്രൂശിന്റെ വെളിച്ചത്തിൽ പരിശോധിക്കുക. അതിന്റെ അർത്ഥം, മുഖം മൂടിനീക്കി; ദൈവത്തിന്റെ വെളിച്ചത്തിലേക്ക് വന്നു; നമ്മെതന്നെ ത്യജിച്ച്, താൻ ആയിരിക്കുന്നതുപോലെ ആയിത്തീരുക. നമ്മോടു തന്നെ ചോദിക്കണം. നമ്മുടെ അഹങ്കാരത്തെച്ചൊല്ലി കരഞ്ഞിട്ടുണ്ടോ? ദൈവ പറയുന്ന സ്ഥലം ഇവിടെയാണ്; ഇവിടെയാണ് ഉണർവ്വ് ആരേംഭിക്കേണ്ടത്. അവിടുന്ന് നമ്മെ കാത്തിരിക്കുന്നു നമ്മെത്തന്നെ താഴ്ത്തി ഹൃദയനുറുക്കത്തോടും നടുക്കത്തോടും അടുത്തുചെല്ലാം. ഇതാണ് താഴ്മ, അത് നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു. “ ഞാൻ ഉന്നതനും, പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ള ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടുകൂടെയും വസിക്കുന്നു ” (യെശ. 57:15).

2. നാം പ്രാർത്ഥിക്കണം.

ഉണർവ്വിന്റെ അടുത്ത വ്യവസ്ഥയെന്നത് ഉള്ളിൽ നിന്നും പുറത്തേയ്ക്ക് വരികയും ഒന്നാമത്തേതിന്മേൽ

(t i j w 8pmwt] PnÂ)

(1-ാം പേജിന്റെ തുടർച്ച)

thZ]pkXIw F¶ AÛpX]pkXIw

പ്രവചനം എഴുതി, ചിലർ തത്വശാസ്ത്രവും നീതിന്യായശാസ്ത്രവും എഴുതി, ചിലർ വംശപാരമ്പര്യവും നരവംശശാസ്ത്രവും എഴുതി, ചിലർ വംശപാരമ്പര്യവും എഴുതി, മറ്റു ചിലർ യാത്രവിവരണങ്ങളും സാഹസികകാര്യങ്ങളും എഴുതി.

ഏറ്റവും വ്യത്യസ്തമായ കാര്യം, എഴുത്തുകാരുടെ വിഷയങ്ങൾ തമ്മിൽ വ്യത്യസ്തവും പ്രയാസമേറിയതാണെങ്കിലും സാധാരണ ബുദ്ധിക്ക് മനസിലാക്കാൻ കഴിയാത്തതാണ് - എങ്കിലും കൂട്ടായി ചിന്തിച്ച് എഴുതുവാൻ സാദ്ധ്യതയില്ലാത്ത (തമ്മിൽ കാണുവാനോ അറിയുവാനോ ആശയങ്ങൾ പരസ്പരം കൈമാറുവാൻ സാദ്ധ്യതയില്ലാത്ത, ജനനം കൊണ്ടു തന്നെ നൂറ്റാണ്ടുകൾ വ്യത്യാസമുള്ള) ആളുകളാൽ എഴുതപ്പെട്ടു എങ്കിലും കോർത്തിണക്കിയപ്പോൾ ഒരു വ്യക്തി എഴുതിയ ഒരു പുസ്തകം പോലെ കാണപ്പെടുവാൻ കാരണം, എഴുത്തുകാരനായ ദൈവം വ്യത്യസ്ത ആളുകളെകൊണ്ട് എഴുതിച്ച് ദൈവം തന്നെ ആളുകളെ കൊണ്ട് കൂട്ടിച്ചേർത്തു ഒരു പുസ്തകമാക്കി എന്നതിലാണ്.

കാലം സംബന്ധിച്ച അത്ഭുതം

വീണ്ടും ഈ പുസ്തകത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ അത് ഇന്നും ഉണ്ട് എന്നതാണ് അത്ഭുതം. മറ്റു പുസ്തകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്രമാത്രം ബഹുമാനിക്കപ്പെടുകയും ആധികാരികത കുറഞ്ഞു പോകാതെയുമിരിക്കുന്ന വേദപുസ്തകം നിശ്ചയമായും ഒരു അത്ഭുതമാണ്.

ഒരു പുസ്തകത്തിന്റെ കാലഘട്ടം സംബന്ധിച്ച ആധികാരികത ഒരു പ്രത്യേകതയാണ്. ചില വർഷങ്ങൾക്കു മുമ്പ് എഴുതിയ പല പുസ്തകങ്ങളും അതിന്റെ ഓർമ്മ കൂടെ ഇന്നില്ല. അവ രൂപമെടുത്തു പ്രചാരം കിട്ടി, കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മറവിയുടെ തണുത്ത കരങ്ങൾ അതിനെ തലോടി. അവയുടെ ശക്തി ചെലവഴിക്കപ്പെട്ടു. അതിന്റെ ശക്തി പൊയ്പോയി. എല്ലാറ്റിലുമുപരി, അഞ്ഞൂറുവർഷം പഴക്കമുള്ള പുസ്തകങ്ങൾ എത്രയെണ്ണം ഇന്ന് പ്രചാരത്തിൽ ഉണ്ട്? ഒരു പക്ഷേ ഉണ്ടെങ്കിൽ പ്രചാരമില്ലാത്ത പഴഞ്ചൻ പുസ്തകങ്ങളായി അവ മാറി.

എന്നാൽ വേദപുസ്തകത്തെ സംബന്ധിച്ച് നോക്കുമ്പോൾ കാലഘട്ടത്തെ മാത്രമല്ല രാജ്യങ്ങളെയും അവയുടെ തടസ്സങ്ങളെയും മറികടന്ന് ഇന്നും അധികാരത്തോടെ നില്ക്കുന്നു എന്ന അത്ഭുതം തന്നെയത്രേ. വേദപുസ്തകത്തിന്റെ എഴുത്തുകാർ രണ്ടായിരമോ മൂവായിരമോ വർഷങ്ങൾ ക്കു മുൻപ് മരിച്ചുപോയി. എന്നാൽ വേദപുസ്തകം ഇന്നും ജീവിക്കുന്നു. എന്ന് മാത്രമല്ല, ഇന്നും ലോകത്തിൽ ഏറ്റവും പ്രചാരമുള്ളതും ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന പുസ്തകവുമാണ് ബൈബിൾ എന്നത് അത്ഭുതം തന്നെ.

ബൈബിളിന്റെ സ്വാധീനത്തെ സംബന്ധിച്ച അത്ഭുതം.

ബൈബിളിനെ സംബന്ധിച്ച മറ്റൊരു അത്ഭുതം എന്നത്, എല്ലാ വിഭാഗങ്ങളിലും എല്ലാ തലങ്ങളിലും ഉള്ള ആളുകൾ വായിക്കുന്ന ഏക പുസ്തകം ബൈബിളാണ് എന്നുള്ളതാണ്. ലോകത്തിലെ ബുദ്ധിമാന്മാർ ഈ പുസ്തകം വായിക്കുന്നു, കുട്ടികൾക്ക് ഈ പുസ്തകം വായിച്ച് കേൾപ്പിക്കുന്നു, പ്രായമുള്ള ആളുകൾ മറ്റൊരു ലോകത്തിന്റെ ദർശനത്തിൽ ഭയത്തോടും ബഹുമാനത്തോടും വിറയലോടും കൂടെ വായിക്കുന്നു.

നിശ്ചയമായും ഇതിനു പകരമായി ഒരു പുസ്തകം ലോകത്തിലില്ല. എണ്ണമറ്റ ഭവനങ്ങളിലും സണ്ടേസ്കൂളുകളിലും നമ്മുടെ കുട്ടികൾ ഇത് വായിക്കുകയും പഠിക്കുകയും ചെയ്യുന്നു; ന്യൂട്ടൻ, ഫാരഡേ, ബ്രൂസ്റ്റർ തുടങ്ങിയ പണ്ഡിതന്മാരും ജ്ഞാനികളും, ഗ്ലാഡ്സ്റ്റൺ ലിങ്കൺ തുടങ്ങിയ രാജ്യതന്ത്രജ്ഞന്മാരും വായിച്ച് സന്തോഷിക്കയും അവരുടെ വഴികാട്ടിയായി കണക്കാക്കി വായിച്ചതും ഇതിന്റെ മഹത്വത്തെ വലുതാക്കുന്നു.

ഭാഷ സംബന്ധിച്ച അത്ഭുതം

മറ്റൊരു അത്ഭുതം എന്നത്, ഈ പുസ്തകം എഴുതിയത് തത്വജ്ഞാനികളുടെയും പണ്ഡിതന്മാരുടെയും നാടുകളായ ഏദൻസിലോ, ഗ്രീസിലോ, ഈജിപതിലോ, അലക്സാന്ത്രിയയിലോ അല്ല എന്നതാണ്. പുരാതന എഴുത്തുകളാലോ ജ്ഞാനത്തിന്റെ ഉറവിടങ്ങളാലോ, സ്വാധീനിക്കപ്പെട്ട ജ്ഞാനികളുമായ ആളുകളുമല്ല ഇത് എഴുതിയത്. പാലസ്തീൻ ജീവിച്ചിരുന്ന ആളുകളാണ് ഇത് എഴുതിയത്. കർഷകൻ, ആട്ടിടയൻ, മുക്കുവന്മാർ തുടങ്ങിയവരാണ് എഴുത്തുകാർ. അവരാരും ലോകത്തിൽ കീർത്തിപ്പെട്ടവരായിരുന്നില്ല. ദൈവം തന്റെ സർവ്വശക്തിയിൽ ഒരു രാജ്യത്തിനോ ഒരു വിഭാഗത്തിനോ അവകാശം പറയാൻ കഴിയാത്തവിധം എന്ന് മാത്രമല്ല കെട്ടിലും മട്ടിലും ലോകത്തിന്റെ സകല സാഹിത്യങ്ങളെയും വെല്ലുവിളിയ്ക്കത്തക്ക നിലയിൽ പല സ്റ്റീനിൽ താമസിച്ചിരുന്ന കുറെ ആളുകളെ കൊണ്ട് എഴുതിച്ച ഈ പുസ്തകം തികച്ചും അത്ഭുതപുസ്തകമത്രേ.

പഠിപ്പില്ലാത്ത, ലോകം അറിയാത്ത ലോകത്തെ അറിഞ്ഞിട്ടില്ലാത്ത, പലസ്തീനിലെ പ്രാദേശിക ആളുകൾ, ഒരു പ്രത്യേക സമൂഹത്തിനു വേണ്ടി എന്ന് എഴുത്തുകാർ ചിന്തിച്ചു തങ്ങൾക്കും തങ്ങളുടെ സമൂഹത്തിനും വേണ്ടി എന്ന് എഴുത്തുകാർ ചിന്തിച്ച ഈ പുസ്തകം യെഹൂദന്റെ പുസ്തകം എന്ന ചിന്താഗതിയിൽ നിന്നും ദൈവത്തിന്റെ മുന്നറിവിൻ പ്രകാരം രചിക്കപ്പെട്ട ഈ പുസ്തകം ഇന്ന് ലോകത്തിന്റെ പുസ്തകം ആയിരിക്കുന്നതിൽ നിങ്ങളുടെ അഭിപ്രായംഎന്താണ്?

സംരക്ഷണത്തെ സംബന്ധിച്ച അത്ഭുതം

കാലഘട്ടങ്ങളായി ക്രൂരമായ പിഡനങ്ങളെ അതിജീവിച്ച് ഇന്നും അധികാരത്തോടെ പ്രചാരത്തിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്ന ഈ പുസ്തകം പിന്നെയും ഒരു അത്ഭുതമാണ്. നൂറ്റാണ്ടു പ്രതി നൂറ്റാണ്ടുകളായി ഇതിനെ കത്തിച്ച് ഭൂമിയിൽ നിന്നും ഇല്ലായ്മ ചെയ്യുവാൻ അതിന്റെ ഓർമ്മ കൂടെ ഇല്ലാതാക്കുവാൻ രാജാക്കന്മാർ ഉൾപെടെ ആളുകൾ ശ്രമിച്ചു. ഉന്മൂലനാശം വരുത്തുവാൻ ശ്രമിച്ചു. ഭൂമിയിലെ രാജാക്കന്മാരും സഭാധികാരികൾ പോലും ഭൂമിയുടെ മുകളിൽ നിന്നും ഇതിനെ ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ചു.

റോമൻ ചക്രവർത്തിയായ ഡയോക്ലീഷ്യൻ എ.ഡി.303-ൽ വേദപുസ്തകത്തെ ഇല്ലായ്മയാക്കുവാൻ പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കി. ബൈബിൾ ഏകദേശം കണ്ടു കെട്ടി നശിപ്പിച്ചു. ധാരാളം ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു. എന്നാൽ അതുകൊണ്ട് അവസാനിപ്പിച്ചില്ല; വേദപുസ്തകം ഉയർത്തപ്പെട്ടു, ക്രിസ്ത്യാനിത്വം ശക്തി പ്രാപിച്ചു.

അധികം വർഷങ്ങൾ കഴിയും മുമ്പേ വേദപുസ്തകം അതിന്റെ ശക്തി പ്രാപിച്ചു. നോഹ പെട്ടകത്തിൽ നിന്നും ഇറങ്ങി ഭൂമിയിൽ നിറഞ്ഞതുപോലെ

(6-ാം പേജിന്റെ തുടർച്ച)

thZ]pkXIw F¶ AÛpX]pkXIw

എ.ഡി.325-ൽ കോൺസ്റ്റൻഡയിൻ ചക്രവർത്തിതന്റെ ആദ്യത്തെ ജനറൽ കൗൺസിലിൽ തന്നെ സത്യത്തിന്റെ തെറ്റികൂടാത്ത പ്രമാണമായി വേദപുസ്കത്തെ ഉയർത്തി!

അതിന്റെ ശേഷം മദ്ധ്യകാലഘട്ടത്തിൽ എ.ഡി. (100 - 1500) പീഢകൾ വീണ്ടും തുടർന്നു. നാം അറിയുന്നതുപോലെ റോമൻ സഭ ആളുകൾക്ക് വേദപുസ്തകത്തെ വിലക്കി. റോമിലെ സഭ ആളുകളെ വേദപുസ്തകം കയ്യിൽ വയക്കുവാൻ അനുവദിച്ചില്ല. അനേക വർഷങ്ങൾ വേദപുസ്തകം വിലക്കപ്പെട്ട പുസ്തകമായിരുന്നു അഥവാ അറിയപ്പെടാത്ത പുസ്തകമായിമാറി. മാർട്ടിൻ ലൂഥർ വന്നു; അദ്ദേഹം ഒരിക്കൽ പറഞ്ഞു എന്റെ ജീവിതത്തിൽ ഒരിക്കൽ പോലും വേദപസ്തകം കണ്ടിട്ടില്ല.

മാത്രമല്ല, പോപ്പിന്റെ കല്പനപ്രകാരം വേദപുസ്തകത്തെ നിരോധിക്കയും ബൈബിൾ കത്തിക്കയും ബൈബിൾ വായിക്കുന്നവരെ ജയിലിലടയ്ക്കുകയും ജീവനോടെ കത്തിക്കയും ചെയ്തു.

നൂറ്റാണ്ടുകൾ ഈ സ്ഥിതി തുടർന്നു. അതിനെ പ്രത്സാഹിപ്പിക്കുവാൻ ബോളിംഗ്, ബ്രോക്ക്, ഹ്യൂം, വോൾട്ടയർ തുടങ്ങിയ ആളുകളും മുന്നോട്ടുവന്നു. വോൾട്ടയർ പറഞ്ഞത് 25 വർഷങ്ങൾക്ക് ശേഷം പുരാവസ്തുവായിട്ടു പോലും ബൈബിളിനെ കാണാൻ സാദ്ധ്യമല്ല എന്നാണ്. അതിന്റെ ശേഷം ജർമ്മൻ യുക്തിവാദികൾ ഭീകരമായ ആക്രമണങ്ങൾ ബൈബിളിനെതിരെ അഴിച്ചു വിട്ടു.

എന്നാൽ എല്ലാ കാലങ്ങളെക്കാളും ഉപരി വേദപുസ്തകം ഇന്നും ശക്തിയോടെ നിൽക്കുന്നു. ഇനുയം നില്ക്കും. എതിരാളികൾ ധാരാളമുണ്ടായി. അവർ സർവ്വശക്തിയും ഉപയോഗിച്ചു പോരാടി. അവരുടെ വെടിയുണ്ടകൾ ബൈബിളിനെതിരെ ശക്തിമായി വർഷിപ്പിച്ചു.

എന്നാൽ നൂറ്റാണ്ടുകളുടെ പീഡകളിലൂടെ കടന്നു പോയെങ്കിലും ദൈവവചനം ലോകത്തിൽ അധികാരത്തോടെ ജീവിക്കുന്നു.

ഇത് അക്ഷയമായതാണ്

ഇതിന്റെ ആഴം അപ്രമേയമാണ്, ഇതിന്റെ ഉയരം അപ്രമേയമാണ്, അനേകമായ വായനക്കാരും എഴുത്തുകാരും കാലഘട്ടങ്ങളിലായി അതിന്റെ ആഴങ്ങളെ കണ്ടെത്തുവാൻ ശ്രമിച്ചു. എന്നാൽ അതിന്റെ ആഴങ്ങൾ അനന്തമാണ്. വർദ്ധിപ്പിച്ച ശക്തിയോടെ ആശയങ്ങളിലൂടെ, പദ്ധതികളിലൂടെ, തലമുറ തലമുറ കൈമാറി. ഉന്നത ചിന്തകന്മാർ ഇതിന്റെ വക്താക്കളായി. എണ്ണമറ്റ വിദ്യാർത്ഥികൾ ഇതു വായിക്കുകയും പഠിപ്പിക്കയും ചെയ്യുന്നു. ഇന്ന് ഇതിന്റെ വായനക്കാർ കോടികളാണ്.

വേദപുസ്തകവും അതിനെ സംബന്ധിച്ച എഴുത്തുകളും ഇന്ന് ലൈബ്രറികളുടെ അലമാരകളിൽ സൂക്ഷിക്കപ്പെടുകയും ആയിരങ്ങൾ കരങ്ങളിലേന്തി വായിക്കയും അതിന്റെ വചനങ്ങളെ ജീവിതത്തിന്റെ പ്രമാണമാക്കുകയും ചെയ്യുന്നു. അത് പുതുമയോടും ഫലവത്തായും അക്ഷയമായും നിലനിൽക്കുന്നു. അതിന്റെ ഉറവിടങ്ങൾ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നു.

ദൈവവചനം അധികാരമുള്ളതാണ്.

ഇത് അധികാരമുള്ളതാണ് എന്നത് മറ്റൊരത്ഭുതം. ഇത് സ്വർഗ്ഗത്തിൽ നിന്നുള്ള ഈ ദൈവത്തിന്റെ ശബ്ദമാണ്. ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ അഞ്ഞൂറു പ്രാവശ്യം കർത്താവു പറഞ്ഞു, “ കർത്താവു സംസാരിക്കുന്നു. തുടങ്ങിയ പ്രയോഗങ്ങൾ കാണുന്നു.മുന്നൂറ് പ്രാവശ്യം ഇതേ പ്രയോഗം തുടർന്നുള്ള പുസ്തകങ്ങളിൽ കാണുന്നു. പ്രവാചക പുസ്തകങ്ങളിൽ ആയിരത്തി ഇരുന്നൂറു പ്രാവശ്യം കർത്താവിന്റെ വചനം കേൾക്ക എന്നോ കർത്താവ് ഇങ്ങനെ അരുളിച്ചെയ്യുന്നു എന്നോ കാണുന്നു.

ലോകത്തിലെ മറ്റൊരു പുസ്തകങ്ങളിലും ഈ ആധികാരികത കാണുന്നില്ല. മറ്റൊരു പുസ്തകങ്ങളിലും മനുഷ്യൻ അനുസരിക്കണം എന്ന് ഇങ്ങനെ പറയുന്ന പ്രസ്താവനകൾ കാണുന്നില്ല. എല്ലാ കാലങ്ങളിലും ഇത് അനുസരിക്കുന്ന ആളുകളെയും കാണാം. ഈ പുസ്തകം മനുഷ്യന്റെ അന്തരങ്ങളിൽ അധികാരത്തോടെ ദൈവത്തിന് മാത്രമുള്ള അധികാരത്തോടെ സംസാരിക്കുന്നു.

ഇത് ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു

ഇത് ദൈവശ്വാസീയം എന്ന് ആളുകൾ വിശ്വസിച്ചു. വേദപുസ്തകത്തിന്റെ അത്ഭുതം എന്നത് അത് ശക്തി തന്ന് പ്രവർത്തിക്കുന്നു എന്നതാണ്. ഇത് ആളുകളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ ശ്വാസം മനുഷ്യനിലേയ്ക്ക് വന്ന് ജീവിപ്പിക്കയും ശക്തീകരിക്കയും ചെയ്യുന്നു. ഇത് ജീവന്റെ വചനമാണ്. ജീവിക്കുന്ന ദൈവത്താൽ അത് പ്രധാനമാണ്. ആ ജീവൻ നമുക്ക് തന്നു, ഇന്നും തന്നുകൊണ്ടിരിക്കുന്നു.

ഇരുപത്തിമൂന്നാം സങ്കീർത്തനം ദൈവശ്വാസീയമാണ്. എന്നാൽ 118-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നത്, 19-ാം വാക്യത്തിൽ “നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ എന്നാണ് ” ഇത് ജീവന്റെ വചനമാണ്. ആത്മാവ് പിന്നെയും ശക്തി പകരുകയാണ് ചെയ്യുന്നത്.

ഇത് സൃഷ്ടിക്കയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു

ബൈബിൾ ആളുകളെ രൂപാന്തരപ്പെടുത്തുന്നു. അവരുടെ അവസ്ഥയ്ക്ക് വ്യത്യാസം ഉണ്ടാക്കുന്നു.. ലോകവ്യാപകമായ പദ്ധതികൾ ദൈവവചനത്തിനുണ്ട്. ഇതിന്റെ പാഠങ്ങളിലൊന്ന് മാർട്ടിൻ ലൂഥറിനെ രൂപാന്തരപ്പെടുത്തി. അങ്ങനെ നവീകരണമുണ്ടായി. അനീതിയുള്ള സമൂഹത്തിലേക്ക് ഒരു രൂപാന്തരമായി വന്നു. മനുഷ്യ സ്നേഹത്തിന്റെയും വീണ്ടെടുപ്പിന്റെയും, വിദ്യാഭ്യാസത്തിന്റെയും പുതിയ സംരംഭങ്ങളുണ്ടായി. മനുഷ്യകുലത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവശക്തിയായി ദൈവവചനം ഇന്നും ജീവിക്കുന്നു.

ഇത് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു.

പുസ്തകത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അത്ഭുതം എന്നത് ക്രിസ്തുവാണ്. അവിടുന്ന് ഇതിന്റെ നിറവ്, കേന്ദ്രം, ഇതില പ്രധാന വിഷയം. പുതിയ നിയമവും പഴയനിയമവും ഒരുപോലെ പറയുന്ന കാര്യം; വലിയ ചരിത്രവും ചരിത്രത്തിന്റെ ശക്തിയും, ചരിത്രത്തിന്റെ ഭാവിയും യേശുവാണ് എന്നാണ് പുസ്തകം പറയുന്നത്. “ നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാട് അതിന്റെ വിളക്ക് ആകുന്നു ” (വെളി. 21:23).

ഭൂമിയുടെ മുഖത്ത് മനുഷ്യൻ ഉള്ളേടത്തോളം ആ വ്യക്തിത്വത്തെക്കുറിച്ച് സംസാരിക്കും, മാനവകുലത്തിന്റെ പ്രതീക്ഷയെക്കുറിച്ച് സംസാരിക്കും ക്രിസ്തു ചരിത്രത്തിന്റെ മകുടാമാകുന്ന പ്രവചനത്തിന്റെ കേന്ദ്രവിഷയമാണ്. ക്രിസ്തു സകല

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

thZ]pkXIw F¶ A\ÛpX]pkXIw

ത്തെയും വെളിപ്പെടുത്തുന്നവൻ, വീണ്ടെടുപ്പുകാരൻ, ഉയിർത്തെഴുന്നേറ്റവൻ വാഴുന്നവൻ, വീണ്ടും വരുന്നവൻ യേശു സർവ്വലോകത്തിന്റെയും പ്രതീക്ഷ; സകല മനുഷ്യനെയും ഈ പുസ്തകം തന്നിലേയ്ക്ക് ആകർഷിക്കുന്നു. ആളുകൾ അതിൽ ആശ്രയിക്കുന്നു, അതിനുവേണ്ടി ജീവിക്കുന്നു, അതിനുവേണ്ടി മരിക്കുന്നു.

നാം ഈ പുസ്തകത്തോട് അടുത്തുവരുമ്പോൾ ബഹുമാനത്തോടെ വരണം. ആത്മാവിന്റെ സഹായത്തിനുവേണ്ടിയുള്ള അപേക്ഷയോടെ വായിക്കണം. " ...നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിൽ നിന്നു ചെരിപ്പ് അഴിച്ചുകളക " (പുറ. 3:5).

മറ്റു പുസ്തകങ്ങൾ ഭൂമിയിൽ നിന്നുള്ളവയാണ്. ഇത് സ്വർഗ്ഗത്തിൽ നിന്നുള്ള പുസ്തകമാണ്. ഇതിൽ ദൈവവചനം ഉണ്ട് എന്ന് ഒരിക്കലും പറയരുത്! കാരണം ഇത് ദൈവവചനമാണ്!

ഒരു നല്ല പുസ്തകമാണ് എന്നു മാത്രം ചിന്തിക്കരുത് അഥവാ ഒരു മെച്ചമായ പുസ്തകമാണ് എന്നു പറയരുത്, എന്നാൽ ഹൃദയത്തിലും വിശ്വാസത്തിലും ഇതിനെ ഏറ്റുകൊള്ളുക, മനുഷ്യന്റെ വചനമായിട്ടല്ല, സത്യത്തിന്റെ വചനമായി ജീവന്റെ വചനമായി ഏറ്റുകൊള്ളുക. ഇത് പ്രകൃത്യാതീതമാണ്. അമൂല്യമാണ്, അനന്തമാണ്, ദൈവത്തിന്റെ വകയാണ്. വീണ്ടും ജനിപ്പിക്കുന്ന ശക്തിയാണ്. തെറ്റിക്കൂടാത്ത അധികാരം, വ്യക്തിപരമായി സ്വാധീനമുള്ളതാണ്, സമ്പൂർണ്ണ ദൈവശ്വാസീയമാണ്.

(5-ാം പേജിന്റെ തുടർച്ച)

ssZhw Abb¡p¶ DWÀÆn\mbpÅ Hcp¡w

പണിയപ്പെടുകയും ചെയ്യുന്നു. പ്രാർത്ഥനയ്ക്ക് എബ്രായ ഭാഷയിൽ 12 വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. അതിൽ ഒന്നിന്റെ അർത്ഥം, ദൈവസാന്നിദ്ധ്യത്തിൽ തന്നെത്താൻ ന്യായം വിധിക്കുക എന്നാണ്. 1പത്രൊ. 4:17-ൽ വായിക്കുന്നത് "ന്യായവിധിയെ ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ" കർത്താവിന്റെ കിരീടവുമായി ബന്ധപ്പെട്ട ഒരു പ്രസ്താവനയാണിത്. അഥവാ സത്യത്തിന്റെ നിറവ് നമ്മുടെ പ്രാർത്ഥനാക്കുറവ് വിട്ട് തിരിയണം. ഇത് വേദനാജനകമാണ്. പക്ഷേ നിത്യമായ ഒരു മാറ്റം നമ്മിലുണ്ടായില്ലെങ്കിൽ ഉണർവ്വിനു വേണ്ടി പ്രാർത്ഥിപ്പാൻ നമുക്ക് കഴികയില്ല. ദൈവമുമ്പാകെ നാം താഴ്മയോടെ വരുന്നു എന്ന നിലയിൽ നാം വ്യത്യസ്തത പുലർത്തുകയും അവിടുന്ന് നമ്മുടെ കർത്താവായിരിക്കയും ചെയ്യുന്നു.

ദൈവവചനത്തിന്റെ വെളിച്ചത്തിൽ എന്തുമാറ്റമാണ് നമ്മിൽ ആവശ്യമായിരിക്കുന്നത്. വിശ്വസ്തയോടും നുറുങ്ങിയ ഹൃദയത്തോടും ദൈവത്തിന് നമ്മെ സമർപ്പിക്കുമ്പോൾ ദൈവം നമ്മെ പരിശോധിക്കുകയും എന്തൊക്കെ മാറ്റങ്ങളാണ് നമ്മിൽ സംഭവിക്കേണ്ടതെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യും. എന്ത് തടസ്സങ്ങൾ ജീവിതത്തിലുണ്ടായാലും നാം ദൈവത്തോട് ചേർന്ന് നില്ക്കണം. പശ്ചാത്താപമുള്ള ഹൃദയം ദൈവത്തിന്റെ ഇഷ്ടത്തെ ഏറ്റുപറയുന്നു അഗ്നിക്കണ്ണുകളാൽ നമ്മെ പരിശോധിക്കുവാൻ നമ്മെ അനുവദിക്കണം. അപ്പോസ്തലപ്രവൃത്തികളിലുടനീളവും സഭാചരിത്രത്തിലും വിശ്വാസത്തോടെയുള്ള പ്രാർത്ഥന കാണാം. വിശ്വാസത്തോടും ഹൃദയ നുറുക്കത്തോടും ഉള്ള പ്രാർത്ഥന ഉണർവ്വുളവാക്കുന്നു. പ്രാർത്ഥനയ്ക്ക് ശരിയായ ഫലമുണ്ടാകുവാൻ ശക്തവും തുടർച്ചയും ആയുള്ള പ്രാർത്ഥന ആവശ്യമാണ്. നാം ഉത്തരം പറയേണ്ട ചോദ്യം എന്നത്, നല്ലതോന്നലുകൾ മാത്രം ഉണ്ടാകുമോ? അതോ നന്നായിരിക്കുമോ?

3. നാം ദൈവത്തിന്റെ മുഖം അന്വേഷിക്കണം.

കൃപയുടെ വഴിയിൽ ഇത് മൂന്നാമത്തെ വ്യവസ്ഥയാണ്. ഒരു പക്ഷേ നാം ദൈവത്തിന്റെ കരത്തെ, സഹായത്തെ വരങ്ങളെ, അനുഗ്രഹങ്ങളെ അന്വേഷിക്കുന്നു. എന്നാൽ ഈ വ്യവസ്ഥ ദൈവത്തെ അറിയുവാൻ അന്വേഷിക്കുന്നു, മുഖത്തോടു മുഖം ഒരു വ്യക്തിയെ അറിയുന്നതു പോലെ എബ്രായ ഭാഷയിൽ അന്വേഷിക്കുക എന്ന വാക്കിന് ആഴമായ അർത്ഥമാണുള്ളത്. ഇത് ദൈവത്തിന്റെ വിളിയുമായി ബന്ധപ്പെട്ടതാണ്. അഥവാ മാധുര്യമേറിയ ഒരു കൂട്ടായ്മയുടെ അടയാളമാണ്. നമ്മുടെ നിഷേധാത്മകമായ അവസ്ഥയെ വിട്ട് തിരിയണം. " ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ. 11:6). ഇത് ദൈവത്തെ സംബന്ധിച്ച ഒരു വിശുദ്ധ ചിന്താഗതിയാണ്. ആത്മീയമായൊരു ആവശ്യവും ദൈവവുമായുള്ള കൂട്ടായ്മയുടെ മുദ്രയുമാണ്. ദൈവത്തെ അറിയുവാനും ബഹുമാനിപ്പാനുമുള്ള ആഗ്രഹം അതിലുണ്ട്. ദോഷം കണ്ടു കൂടാതവണ്ണം നിർമ്മല ദൃഷ്ടിയുള്ളവനും പീഠനം കാണാൻ കഴിയാത്തവയുമാണ് (എബ്രാ. 1:13). ശുദ്ധ ഹൃദയത്തോടെ നാം ദൈവത്തെ അന്വേഷിക്കണം. " നാം ദുർമനസാക്ഷി നീങ്ങുമാറു ഹൃദയത്തിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയ t¯ msSA Sp¯ psNÃpI " (എബ്രാ. 10:22). നാം ജീവിച്ച് ദൈവത്തിന്റെ വെളിച്ചത്തിൽ ജീവിക്കണം. നാം ദൈവത്തെ അറിയുകയും അവിടുത്തെ കൂട്ടായ്മയിൽ നടക്കയും ചെയ്യണം. നമ്മുടെ ദൈവത്തിന് പാപത്തെ പ്രോത്സാഹിപ്പിക്കാൻ സാദ്ധ്യമല്ല. "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക " (2കൊരി. 7:1).

4. ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയണം

ദൈവവചനത്തിന്റെ ക്രമീകരണമായ ഈ നാലാമത്തെ കാര്യം ജീവിതത്തന്റെ ശ്രേഷ്ഠമായ അനുഭവമായിരിക്കേണ്ടതായ പ്രവൃത്തിയാണ്. നമ്മിൽ പലരും നമ്മുടെ വഴികളെ ദുർമാർഗ്ഗമാണെന്ന് പറയാറില്ല. കാരണം ആളുകൾ ബഹുമാനിക്കുന്ന സഭാ ജനങ്ങളാണ്. എന്നാൽ ഒരിക്കൽ ഞാൻ എന്നെത്തന്നെ ന്യായീകരിച്ച് ബലഹീനതകൾ എന്ന് വിളിച്ചിരുന്നവയൊക്കെയും യഥാർത്ഥത്തിൽ ദുർമാർഗ്ഗങ്ങൾ ആയിരുന്നു. ദൈവവചനം പറയുന്നത്, "ദുഷ്ടൻ തന്റെ വഴിയെയും, അനീതിയുള്ളവൻ തന്റെ ചിന്തകളെയും വിട്ട് ദൈവത്തിങ്കലേയ്ക്ക് തിരിയട്ടെ" എന്നാണ്. ദൈവത്തിന്റെ ദിവ്യസ്വഭാവവുമായി താരതമ്യം ചെയ്യുമ്പോൾ നാം ചിന്തിച്ചു ചെയ്ത പല കാര്യങ്ങളും നിരുപദ്രവങ്ങളായിപെട്ടെന്ന് തന്റെ സാന്നിദ്ധ്യത്തിൽ ചെയ്ത കാര്യങ്ങൾ പാപത്തിന്റെ പട്ടികയിൽ പെടുന്നവയായിരുന്നു.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....